**Rs. 25/-**

**Keraleeyam**

2020 January Vol. 21 Issue 1

കോഴിക്കോട് പന്തീരാങ്കാവിൽ നിന്ന് മാവോയിസ്റ്റ് ബന്ധം ആരോപിച്ച് അറസ്റ്റ് ചെയ്ത സി.പി.എം പ്രവർത്തകരായ അലൻ ഷുഹൈബും താഹ ഫസലും കുറ്റവാളികളാണ് എന്ന നിലപാടാണ് മുഖ്യമന്ത്രി പിണറായി വിജയൻ ആവർത്തിക്കുന്നത്. അവർക്ക് മേൽ യു.എ.പി.എ ചുമത്തിയത് മുഖ്യമന്ത്രി ന്യായീകരിക്കുകയും ചെയ്തിരുന്നു. മുഖ്യമന്ത്രിയുടെ നിലപാടിനെ വിമർശിച്ചുകൊണ്ട് അലൻ ഷുഹൈബിന്റെ അമ്മ **സബിത ശേഖർ** എഴുതിയ രണ്ട് കുറിപ്പുകൾ

# എല്ലാ സ്വേഛാധിപതികളുടെയും അന്ത്യം ദയനീയമാണ്

**അലൻ...** അവൻ ഞങ്ങളുടെ മാത്രം മകനല്ലായിരുന്നു. അവനെ അറിയാവുന്ന എല്ലാവരുടെയും പ്രിയപ്പെട്ട വനായിരുന്നു. അവൻ മാവോയിസ്റ്റല്ല, അവൻ മുസ്ലി തീവ്രവാദിയല്ല, അവന് മതമില്ല. അവൻ തികഞ്ഞ മതേതരവാദിയായിരുന്നു.എല്ലാ മതങ്ങളുടെയും നന്മകൾ അറിഞ്ഞ് വളർന്നു. അവന്റെ ചിന്തകൾ തീക്ഷണമാണ്. പുതിയ രാഷ്ട്രീയകാര്യങ്ങൾ അറിയാനുള്ള താത്പര്യവും.... അവനെയാണ് വളരെ എളുപ്പത്തിൽ ഭരണകൂടം മാവോയിസ്റ്റ് ആക്കി ജയിലിൽ അടക്കുകയും ജാമ്യം നിഷേധിച്ച് എൻ.ഐ.എയ്ക്ക് കൈമാറിയതും. ഇന്ന് അവൻ പുറത്തായിരുന്നുവെങ്കിൽ പൗരത്വബിൽ പ്രതിഷേധത്തിൽ മുൻപന്തിയിൽ ഉണ്ടാവുമായിരുന്നു. ജാമിയ മിലിയയിലെ മലയാളി കുട്ടികൾക്ക് വേണ്ടി ഇടപെടുന്ന ഭരണകൂടം ഈ കുട്ടികളെ മനപൂർവ്വം മറക്കുന്നതാണോ... (അപ്പോഴും പറഞ്ഞുകൊണ്ടിരിക്കണം യു.എ.പി.എ കേരളത്തിൽ നടപ്പിലാക്കാൻ അനുവദിക്കില്ല). ഒരു മുതിർന്ന സഖാവ് പറഞ്ഞത്... എൻ.ഐ.എയ്ക്ക് സ്വമേധയാ കേസ് എടുക്കാം. അമിത് ഷാ പാസാക്കിയതാ... എങ്കിൽ പൗരത്വ ബില്ലിന് വേണ്ടി എന്തിന് സമരം...?എന്റെ പ്രിയപ്പെട്ട കുട്ടികളെ നമ്മുടെ മതേതര ഇന്ത്യയുടെ നിലനിൽപ്പിന് വേണ്ടി സമരം ചെയ്യുക, സമാധാനത്തോടെ... പക്ഷെ ഭരണകൂടത്തിന്റെ ഇരട്ടത്താപ്പുകൾ മനസ്സിലാക്കി കൊണ്ടാവണം. ബഹുമാനപ്പെട്ട കേരള ഭരണകൂടമെ, ഞങ്ങൾക്ക് അവനെ ഞങ്ങളുടെ അലനായി തിരിച്ച് കിട്ടുമോ. (ഇന്ന് അവൻ വിളിച്ചില്ല... അവന്റെ കസ്റ്റഡി കാലാവധി ഇന്ന് അവസാനിക്കും. എൻ.ഐ.എ ഏറ്റെടുക്കും. ഏത് ജയിലിലേക്കാണ് മാറ്റുക എന്നറിയില്ല). ഇത് എഴുതിയത് അവനെ ബോധപൂർവ്വം മറക്കുന്ന സഖാക്കൾക്ക് വേണ്ടി... സഖാവ് അലൻ കഴിഞ്ഞ അഞ്ച് വർഷവും പാർട്ടിയെ കെട്ടിപ്പെടുത്താൻ ഉണ്ടായിരുന്നു. ■

— — — — — — — — — — — — — —

**അലാ...** നമ്മൾ ഒരിക്കലും പുതുവത്സര ആഘോഷങ്ങൾ ഒന്നും പൊതുവെ നടത്താറില്ലല്ലോ... പക്ഷെ 2020 ന്റെ പിറവി അമ്മ പഠിപ്പിക്കുന്ന മക്കളും നിന്റെ പ്രിയപ്പെട്ട പ്രേംജിത്ത് മാഷും നിഷ ടീച്ചറും കൂടി അവിസ്മരണീയമാക്കി. നീ ഇല്ലാത്തത് എന്റെ സന്തോഷ ത്തിന് കുറവ് വരുത്തരുത് എന്ന് അവർക്ക് നിർബന്ധമായിരുന്നു. മോനെ ... അമ്മ ചിലപ്പോഴൊക്കെ തളർന്നു പോവുന്നുണ്ട്... പക്ഷെ നീ വന്നാൽ ചെയ്യേണ്ട കാര്യങ്ങൾ പ്ലാൻ ചെയ്യുമ്പോൾ കിട്ടുന്ന സന്തോഷം ഞാൻ ശരിക്കും ആസ്വദിക്കുന്നു - നമ്മൾ എവിടേക്കൊക്കെ യാത്ര പോവണം. പുതിയ റെസിപ്പികൾ പരീക്ഷിക്കണം.! ചില സന്ദർഭങ്ങളിൽ എനിക്ക് തോന്നും എനിക്ക് ധൈര്യം വളരെയധികം കൂടുന്നോ എന്ന്. ഓരോ കാര്യങ്ങൾക്കും നിന്നെ ആശ്രയിക്കുന്ന ഞാൻ എല്ലാം ഒറ്റക്ക് ചെയ്യുന്നു. നിന്നെ ശാരീരികമായി മാത്രമെ ജയിലിലടക്കാൻ സാധിക്കുകയുള്ളൂ നിന്റെ ചിന്തകളെ തടവിലിടാൻ ഒരു ഭരണകൂടത്തിനും സാധിക്കില്ല. ഒരിക്കലും അവർക്ക് നമ്മളെ തോൽപ്പിക്കാൻ സാധിക്കില്ല. നീ ഇപ്പോൾ വായിച്ചു കൂട്ടിയ പുസ്തകങ്ങൾ നിന്റെ ചിന്തയുടെ മൂർച്ച കൂട്ടും. കൂടുതൽ വ്യക്തതയോടെ ജീവിക്കാൻ നിനക്കും സാധിക്കും അലാ..

എല്ലാ ഭരണകൂടവും സേഛാധിപതികളെ സൃഷ്ടിക്കുന്നു. അവരുടെ ഈഗോകൾ നിരപരാധികളെ തടവിലാക്കുന്നു. ചരിത്രം പരിശോധിച്ചാൽ എല്ലാ സേഛാധിപതികളുടെയും അന്ത്യം ദയനീയമാണ്. അതുകൊണ്ട് അലാ,നമ്മൾ കാത്തിരിക്കുക ക്ഷമയോടെ ... നമ്മുടെ സമയം വരും ... പ്രതീക്ഷയോടെ, നിന്റെ അർബൻ സെക്കുലർ അമ്മ. ■





**കേരളീയം പുസ്തകശാലയുടെ പുതിയ പുസ്തകം**

ഹാരിസൺസ് മലയാളം ലിമിറ്റഡ് എന്ന വിദേശ കമ്പനിയുടെ നിയമവിരുദ്ധ പ്രവർത്തനങ്ങൾക്കെതിരെ ചെറുവിരലനക്കാൻ പോലും കഴിയാത്ത ഭരണ-രാഷ്ട്രീയ അപചയങ്ങളുടെ ചരിത്രത്തിലേക്ക് വഴിതുറക്കുന്ന ആദ്യ പുസ്തകം.

**ഹാരിസൺസ്: രേഖയില്ലാത്ത ജന്മി**

**ആർ. സുനിൽ**

**വില: 240 രൂപ. പേജ്: 260**

**കോപ്പികൾക്ക്: 0487 2421385,8943221148. mailkeraleeyam@gmail.com**


Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by Sharat. S at Keraleeyam, Thrissur - 680021. Printed at Root printers, Perumpilly lane, Chiyyaram P.O, Thrissur - 680 026. Editor : Sharat. S. Phone: 9747062146, E-mail: mailkeraleeyam@gmail.com